# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1607.

08-06-2018 ൽ മറുപടിയ്ക്ക്

## കൃഷിയിലുണ്ടായ വർദ്ധനവ്

**ചോദ്യം**

ശ്രീ.വി. കെ. സി. മമ്മത് കോയ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | **നെൽ കൃഷി**<br>സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കിയതിലൂടെ നെൽകൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച ഉണ്ടായിട്ടും 2016-17 വർഷം ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉല്പാദനവും ആയിരുന്നു. ഹെക്ടറൊന്നിനു 2547 കിലോ ആയിരുന്നു ഉല്പാദനക്ഷമത. 2017-18 ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അതു 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉല്പാദനവും ആയി വർദ്ധിച്ചു. ഹെക്ടറൊന്നിനു 2800 കിലോ ആയിരുന്നു ഉല്പാദനക്ഷമത.<br>**പച്ചക്കറി കൃഷി**<br>സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന സംസ്ഥാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി കൃഷിയിൽ വിസ്തൃതിയിലും ഉല്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | 2017-18 ൽ 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 21280 ഹെക്ടറിൽ അധികമായി പച്ചക്കറി കൃഷി ചെയ്യിപ്പിക്കുവാനും അതിലൂടെ 3.82 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും സാധിച്ചു.<br>ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും ലഭ്യമാക്കാൻ ഉദ്ദേശിച്ച് ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ ലഭ്യമാക്കും. വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യുവാനും, കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകുവാനും ഉദ്ദേശിക്കുന്നു. 2017-18 ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും അതുവഴി 96899.52 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. |
| (ബി) | മട്ടുപ്പാവ് കൃഷിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി മട്ടുപ്പാവ് കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. കൃഷി ചെയ്യാൻ താല്പര്യമുണ്ടെങ്കിലും സ്ഥലപരിമിതി മൂലം അതിനു സാധിക്കാതെ വരുന്ന നഗര പ്രദേശങ്ങളിലെയും മറ്റിടങ്ങളിലെയും മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുകയാണു ഈ പദ്ധതി ഘടകത്തിലൂടെ ലക്ഷ്യമിടുന്നത്. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 2000 രൂപ വില വരുന്ന 25 ഗ്രോബാഗുകൾ അടങ്ങിയ ഒരു യൂണിറ്റ് 75% സബ്സിഡി നൽകി 500 രൂപ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ 42000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതാണ്. മുൻ വർഷങ്ങളിൽ |

| | | | |
|---|---|---|---|
| | | | നൽകിയ ഗ്രോബാഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിച്ച് തുടർന്നും കൃഷി പ്രാവർത്തികമാക്കുന്നതിനായി വിത്ത്, വളം, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ കർഷകർക്ക് നൽകുന്നു. 37500 ഗ്രോബാഗ് യൂണിറ്റുകൾ ഇത്തരത്തിൽ പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രോബാഗുകളിൽ ജലത്തിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനായി 2250 ചെറിയ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു ധനസഹായം നൽകുന്നതാണ്. നഗരപ്രദേശങ്ങളിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്നും ഉൽഭവിക്കുന്ന മലിനജലം പുന:ചംക്രമണത്തിലൂടെ പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കുന്ന പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) ആണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**